**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3383** **15-02-2024 - ൽ മറുപടിയ്ക്ക്**

**പാചക തൊഴിലാളികളെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാലയങ്ങളിൽ പാചക തൊഴിലാളികളെ നിയമിക്കുന്നതിന് നിലവിൽ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ നം.എൻ.എം.എ1/8696/2023/ഡിജിഇ തീയതി: 29/05/2023, പേജ് നം.5, ഖണ്ഡിക 8, ഉപഖണ്ഡിക 1-5, 7 എന്നിവ പ്രകാരം പൊതുവിദ്യാലയങ്ങളിൽ പാചക തൊഴിലാളികളെ നിയമിക്കുന്നതിന് സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) പാചകത്തൊഴിലാളികളെ പുതിയതായി നിയമിക്കുന്നതിനും പ്രത്യേക സാഹചര്യങ്ങളിൽ പിരിച്ച് വിടുന്നതിനുമുള്ള അധികാരം സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റികൾക്കാണ്.<br><br>2)പാചകത്തൊഴിലാളികളുടെ നിയമനത്തിൽ സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന സ്ത്രീകൾക്കും, എസ്.സി, എസ്.റ്റി, ഒ.ബി.സി, ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്നവർക്കും മുൻഗണന നൽകേണ്ടതാണ്.<br><br>3) പാചകത്തിലെ വൈദഗ്ധ്യം, ആരോഗ്യം, ശുചിത്വം, പ്രാദേശിക പ്രാതിനിധ്യം എന്നിവ കണക്കിലെടുത്ത് വേണം പാചകത്തൊഴിലാളികളെ നിയമിക്കേണ്ടത്. നേത്ര, ചർമ്മ, ശ്വാസകോശ സംബന്ധമായ രോഗങ്ങളില്ലായെന്ന് തെളിയിക്കുന്ന അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ പ്രാക്ടീഷണർ നൽകുന്ന മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിയമനത്തിനപേക്ഷിക്കുന്ന ഘട്ടത്തിൽ പാചകത്തൊഴിലാളി സമർപ്പിക്കേണ്ടതാണ്.<br><br>4) നിലവിൽ 500 കുട്ടികൾക്ക് ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിന് ഒരു പാചക തൊഴിലാളിയേയും 500 കുട്ടികൾക്ക് മുകളിൽ 2 തൊഴിലാളികളേയും നിയമിക്കാവുന്നതാണ്.<br><br>5)നിയമിക്കപ്പെടുന്ന പാചകത്തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് നിർബന്ധമാണ്. ആറ് |

| | | | |
|---|---|---|---|
| | | | മാസത്തിലൊരിക്കൽ പ്രാഥമിക ആരോഗ്യ കേന്ദ്രം (PHC), കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (CHC) എന്നിവ മുഖാന്തിരം ആരോഗ്യ പരിശോധന നടത്തി ഹെൽത്ത് കാർഡ് പുതുക്കേണ്ടതാണ്.<br><br>6) പാചകത്തൊഴിലാളികളുടെ നിയമനം, പിരിച്ചുവിടൽ എന്നിവ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്ന യോഗത്തിൽ സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റിയിലെ നാലിൽ മൂന്ന് അംഗങ്ങളെങ്കിലും പങ്കെടുത്തിരിക്കണം. ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെയോ, നൂൺമീൽ ആഫീസറുടെയോ സാന്നിദ്ധ്യത്തിൽ വേണം പ്രസ്തുത യോഗം ചേരേണ്ടത്. |
| (ബി) | ഇവർക്ക് നൽകാനുള്ള പ്രതിഫലം കുടിശികയുണ്ടോ; എങ്കിൽ എത്ര തുക കുടിശിക ഉണ്ടെന്നും ഏതു കാലയളവ് മുതലാണ് കുടിശിക ഉള്ളതെന്നും വ്യക്തമാക്കാമോ; കുടിശിക തീർത്തു വിതരണം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | 2023-24 സാമ്പത്തിക വർഷം ഡിസംബർ മാസം വരെയുള്ള പാചകത്തൊഴിലാളികളുടെ ഓണറേറിയം വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ 2024 ജനുവരി മാസത്തെ ഓണറേറിയം കുടിശ്ശികയായി വിതരണം ചെയ്യേണ്ടതുണ്ട്. ഇതിനായി 16.50 കോടി രൂപ ആകെ ആവശ്യമായി വരും. സംസ്ഥാന അധിക വിഹിതത്തിൽ നിന്നും ഓണറേറിയം വിതരണം ചെയ്യുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ